II അടിയന്തര പ്രമേയ നോട്ടീസ്

സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനും അമിതമായ ഫീസ് വർദ്ധനയ്ക്കുമെതിരെ എസ്. എഫ്. ഐ. നടത്തിയ സമരത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ മർദ്ദിച്ചത് സംബന്ധിച്ച്.

മി. സ്പീക്കർ : ഫീസ് വർദ്ധനവിനും വിദ്യാഭ്യാസ കച്ചവടത്തിനുമെതിരെ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ ഇന്നലെ 9.30 A.M] സെക്രട്ടേറിയറ്റിലേക്കും ജില്ലാ കലക്ടറേറ്റുകളിലേക്കും വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനു നേരെ തിരുവനന്തപുരം, കണ്ണൂർ, കാഞ്ഞങ്ങാട്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ പോലീസ് ലാത്തിച്ചാർജും ജല പീരങ്കിയും ഗ്രനേഡ് ആക്രമണവും നടത്തിയിരിക്കുന്നു. യാതൊരു പ്രകോപനവും കൂടാതെ പോലീസ് നടത്തിയ നിഷ്ഠൂരമായ ആക്രമണങ്ങളിൽ സാരമായ പരിക്കുകളോടെ നൂറു കണക്കിന് വിദ്യാർത്ഥി വിദ്യാർത്ഥിനികളെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും നിരവധി പേരെ ജയിലുകളിലടയ്ക്കുകയും ചെയ്തിരിക്കുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്താകെ വിദ്യാഭ്യാസ രംഗത്ത് സംജാതമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, എ. എ. അസീസ്, കെ. പി. മോഹനൻ ഡോ. കെ. സി. ജോസഫ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെയും സ്വാശ്രയ കോളേജുകളിലെ ഫീസ് വർദ്ധനവിനെതിരെയും ഇടതുപക്ഷ വിദ്യാർത്ഥി സമര സമിതി സംസ്ഥാന വ്യാപകമായി 1-7-2003-ന് സെക്രട്ടേറിയറ്റിലേക്കും കളക്ടറേറ്റുകളിലേക്കും ഡി.ഡി.ഇ .ഓഫീസുകളിലേക്കും നടത്തിയ പ്രതിഷേധ മാർച്ച് പല സ്ഥലങ്ങളിലും അക്രമാസക്തമാകുകയുണ്ടായി. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനു മുന്നിലൂടെ പ്രതിഷേധ പ്രകടനം നടത്തിയ എസ്എഫ്.ഐ ജില്ലാ പ്രസിഡന്റ് റസലിന്റെ നേതൃത്വത്തിൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ യാതൊരു പ്രകോപനവും കൂടാതെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസിനുനേരെ കരിങ്കൽ കഷണം, ചുടുകല്ല് തുടങ്ങിയവ എറിഞ്ഞു. ഇതിൽ അഞ്ചു പോലീസുകാർക്ക് പരിക്കുപറ്റി. അക്രമാസക്തരായവരെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ച സമയം അതിൽ 29 പേർ അറസ്റ്റിന് വഴങ്ങാതെ റോഡിൽ കിടക്കുകയും മറ്റുള്ളവർ ചിതറി ഓടുകയും ചെയ്തു. റോഡിൽ കിടന്ന 29 പേരെ അറസ്റ്റ് ചെയ്ത് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 135/2003 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. കോടതി അവരെ റിമാൻഡ് ചെയ്ത് സെൻട്രൽ ജയിലിലേക്ക് അയച്ചു. അന്നേ ദിവസംതന്നെ ഇരുന്നൂറോളം വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി ക്യാമ്പസിനുള്ളിൽ കേന്ദ്രീകരിച്ച് കോളേജിനു മുൻവശം ഡ്യൂട്ടിയിലുണ്ടായിരുന്ന നേമം പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും പോലീസ് പാർട്ടികൾക്കും നേരെ കല്ല്, കുപ്പിച്ചില്ല്, നാടൻ ബോംബ് എന്നിവ വലിച്ചെറിഞ്ഞ് അക്രമാസക്തരായി. അവരോട് പിരിഞ്ഞുപോകാൻ നിയമാനുസൃതം ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാത്തതിനാൽ ടിയർഗ്യാസ് ഷെല്ലുകളും എട്ട് ഗ്രനേഡുകളും പ്രയോഗിക്കുകയും വാട്ടർ കനൺ ഉപയോഗിച്ച് വെള്ളം ചീറ്റുകയും ചെയ്ത് സ്ഥിതിഗതികൾ നിയന്ത്രിച്ചു. ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതേ സമയം സമര അനുകൂലികളും വിദ്യാർത്ഥികളുമായ പതിനഞ്ചോളം പേർ എ.കെ.ജി.സെന്ററിനു സമീപം വച്ച് മൂന്ന് കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ഗ്ളാസ് എറിഞ്ഞു പൊട്ടിച്ചു. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ വക ഒരു ജീപ്പിനും കേടുപാടു വരുത്തി. ഇതിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പകൽ രണ്ടു മണിയോടുകൂടി തൈക്കാട് പി.ആർ.എസ് അപ്പാർട്ടുമെന്റിനു സമീപംവച്ച് കെ.എസ്.എഫ്.ഡി.സി.യുടെ വക അംബാസഡർ കാറിനു തീ വയ്ക്കുകയും ചെയ്തു. കാർ ഭാഗികമായി കത്തി നശിച്ചതിൽ നാല്പത്തിയാറായിരം രൂപയുടെ നഷ്ടം വരുത്തി. ഇതിലേക്ക് തമ്പാനൂർ പോലീസ് ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കോഴിക്കോട് സിറ്റിയിൽ രണ്ടുമണിയോടെ പ്രതിഷേധ പ്രകടനം നടത്തിയ എസ്.എഫ്.ഐ വിദ്യാർത്ഥികൾ കെ.എസ്.ആർ.ടി.സി. ബസിന്റെ ചില്ല് പൊട്ടിക്കുകയും ബസ്സ്സ്റ്റാന്റിലുള്ള പോലീസ് എയ്ഡ് പോസ്റ്റ് അടിച്ചു തകർക്കുകയും ചെയ്തു. പോലീസ് അവരെ വിരട്ടി ഓടിച്ചു. കണ്ടാൽ അറിയാവുന്ന ഇരുപത്തിയഞ്ചോളം പേർക്കെതിരെ കസബ പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ കളക്ടറേറ്റിലേക്ക് മാർച്ച് നടത്തിയ അഞ്ഞൂറോളം വിദ്യാർത്ഥികൾ കളക്ടറേറ്റിന് ഉള്ളിലേക്ക് മതിൽ ചാടിക്കയറി പൊതുമുതൽ നശിപ്പിക്കുകയും പോലീസിനു നേരെ കല്ലെറിയുകയും മറ്റും ചെയ്തു. അവരെ പോലീസ് ലാത്തിച്ചാർജ് ചെയ്ത് പിരിച്ചുവിട്ടു. ഈ സംഭവത്തിൽ വിദ്യാർത്ഥികളടക്കം ഏഴുപേർക്കും ഒരു സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ പത്ത് പോലീസ് ഉദ്യോഗസ്ഥൻമാർക്കും പരിക്കു പറ്റിയിട്ടുണ്ട്. ഇക്കാര്യത്തിന് കണ്ണൂർ ടൗൺ പോലീസ് നാല് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് ഇരുപത്തിയൊന്നു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കാഞ്ഞങ്ങാട് ആർ.ഡി ഓഫീസിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾ പോലീസുമായി ഉന്തും തള്ളുമുണ്ടാക്കുകയും ആർ.ഡി ഓഫീസിലേക്ക് കല്ലേറ് നടത്തുകയും ഒരു കെ.എസ്.ആർ.ടി.സി. ബസിന് കല്ലെറിഞ്ഞ് കേടുവരുത്തുകയും ചെയ്തു. പോലീസുമായുള്ള ഉന്തിലും തള്ളിലുംപെട്ട് എസ്.എഫ്.ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി സന്തോഷിന് പരിക്കുപറ്റി. വിദ്യാർത്ഥികളുടെ കല്ലേറിൽ ഒരു സബ് ഇൻസ്പെക്ടറടക്കം ആറു പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്കു പറ്റി. കല്ലേറിൽ തലയ്ക്ക് പരിക്കു പറ്റിയ ചെന്തേര പോലീസ് സ്റ്റേഷനിലെ പോലീസുകാരനായ ശശി കാഞ്ഞങ്ങാട് താലൂക്കാശുപത്രിയിൽ ചികിത്സയിലാണ്. ഹോസ്ദുർഗ്ഗ് പോലീസ് രണ്ട് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. അതുമായി ബന്ധപ്പെട്ട് പതിനെട്ടു പേരെ

LIBRARY ARCHIVES Kerala Legislative Assembly

കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഇന്നലെ നടന്ന പ്രതിഷേധ പ്രകടനത്തിൽ ഉണ്ടായ അക്രമ സംഭവങ്ങളുടേയും പൊതുമുതൽ നശിപ്പിച്ചതിന്റെയും പോലീസിനു നേരെ നടന്ന ആക്രമണത്തിന്റെയും ചുരുങ്ങിയ വിവരമാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. ഇന്നലെ എസ്.എഫ്.ഐ നടത്തിയത് സമാധാനപരമായ ഒരു സമരം ആയിരുന്നില്ല. മനഃപൂർവ്വമായി പോലീസിനെ പ്രകോപിപ്പിച്ച് പോലീസിനെക്കൊണ്ടെന്തെങ്കിലും ചെയ്യിച്ചേ അടങ്ങൂ എന്നുള്ള പിടിവാശി. ഇന്നലെ അക്രമം ഉണ്ടാക്കുവാനുള്ള തീരുമാനം നടപ്പാക്കുവാൻവേണ്ടി ബോധപൂർവ്വമായി സംസ്ഥാനത്തുടനീളം കലാപത്തിന്റെ അന്തരീക്ഷം ഉണ്ടായിട്ടും പോലീസ് പരമാവധി സംയമനം പാലിച്ചതുകൊണ്ടാണ് ഇങ്ങനെയെങ്കിലും കാര്യങ്ങൾ നിയന്ത്രിക്കുവാൻ സാധിച്ചത്. വിദ്യാർത്ഥി സമരത്തിന്റെ പേരിൽ ഇതുപോലുള്ള അക്രമം അഴിച്ചുവിട്ട് പൊതുമുതൽ നശിപ്പിച്ച്, പോലീസുകാരെ കയ്യേറി, എങ്ങനെ നിങ്ങൾക്ക് സമാധാനപരമായ സമരം നടത്താൻ സാധിക്കും ? ഇങ്ങനെയൊരു പ്രത്യേക സാഹചര്യത്തിലാണ് പരമാവധി നിയന്ത്രിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ട് ചില പ്രദേശത്ത് ബലപ്രയോഗം ഉണ്ടായത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇന്നലെ മർദ്ദനത്തിന് നേതൃത്വം കൊടുത്ത, പോലീസുകാർ എഴുതിക്കൊടുത്ത റിപ്പോർട്ട് അതേപടി വള്ളിപുള്ളി വിസർഗ്ഗം തെറ്റാതെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ചത്. സമീപകാല കേരളം കണ്ട ഏറ്റവും വലിയ വിദ്യാർത്ഥി വേട്ടയാണ് ഇന്നലെ ഇവിടെ നടന്നത്. മുഖ്യമന്ത്രി ശ്രീ.എ.കെ.ആന്റണിയുടെ നിർദ്ദേശപ്രകാരമാണ് പോലീസുകാർ വളരെ നിഷ്ഠൂരമായി വിദ്യാർത്ഥികളെ ലാത്തിച്ചാർജ്ജ് ചെയ്തത്. ഇന്നലെ ഇവിടെ നടത്തിയ ലാത്തിച്ചാർജ്ജിൽ എത്രപേർക്കാണ് പരിക്കുപറ്റിയത് ? കേരളത്തിന്റെ നാനാഭാഗത്ത് അഞ്ഞൂറോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പരിക്കു പറ്റി. അതിൽ പതിനെട്ട് വിദ്യാർത്ഥികളുടെ നില ഗുരുതരമാണ്. അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. എൺപത് വിദ്യാർത്ഥി നേതാക്കൻമാരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചിരിക്കുകയാണ്. ജാമ്യം കിട്ടാത്ത വകുപ്പുകൾ ചേർത്തുകൊണ്ടാണ് ജയിലിൽ അടച്ചിരിക്കുന്നത്. ഇവിടെ പോലീസ് ലാത്തിച്ചാർജ്ജ് തുടങ്ങുന്നതിനു മുൻപുതന്നെ നേതാക്കൻമാരെ അറസ്റ്റ് ചെയ്തു. എന്നിട്ട് ആ നേതാക്കൻമാരെ ജാമ്യം കിട്ടാത്ത വകുപ്പുകൾ ഉപയോഗിച്ചുകൊണ്ട് പ്രതി ചേർത്ത് ജയിലിൽ അടയ്ക്കുകയാണ് ചെയ്തത്. എസ്.എഫ്.ഐ.യുടെ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ.രാകേഷ്, ജോയിന്റ് സെക്രട്ടറി ജി. മുരളീധരൻ, സംസ്ഥാന പ്രസ്ഡന്റ് പി.കെ.വിജി, എ.ഐ.എസ്.എഫിന്റെ സംസ്ഥാന സെക്രട്ടറി ഉണ്ണിക്കൃഷ്ണൻ, ഐ.എസ്.ഒ-യുടെ പ്രസിഡന്റ് ലോഹിയ, എൻ. എൽ. സി.യുടെ പ്രസിഡന്റ് മുജീബ് റഹ്മാൻ, കെ.എസ്.യുവിന്റെ സംസ്ഥാന പ്രസിഡന്റ് ജിജോ ജോർജ്, പി.എസ്.യു സംസ്ഥാന പ്രസിഡന്റ് സി.പി.സുധീഷ്, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ചെയർമാൻ സുഭാഷ്, കേരളത്തിലെ സമുന്നതരായ

വിദ്യാർത്ഥി നേതാക്കന്മാരെ കൂട്ടത്തോടെ ആക്രമിച്ച് അറസ്റ്റ് ചെയ്ത് ജയിലിലാക്കുവാനുള്ള ഗൂഢാലോചനയാണ് ഇന്നലെ നടന്ന ആക്രമണത്തിന്റെ പിന്നിൽ പതിയിരിക്കുന്ന കാര്യം. സംസ്ഥാന നേതാക്കൻമാർ മുഴുവനും ജയിലിലാണ്. കേരളത്തിൽ നടക്കുന്ന വിദ്യാർത്ഥി സമരത്തെ ചോരയിൽ മുക്കിക്കൊല്ലുകയെന്ന ഉദ്ദേശത്തോടുകൂടി നടത്തിയ ഒരു ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഇന്നലെ വിദ്യാർത്ഥികൾക്കെതിരായി സംസ്ഥാന വ്യാപകമായി പോലീസ് ആക്രമണം അഴിച്ചുവിട്ടത്. തിരുവനന്തപുരം, കാഞ്ഞങ്ങാട്, കണ്ണൂർ, എറണാകുളം, കോട്ടയം എന്നീ സ്ഥലങ്ങളിലെല്ലാം മർദ്ദനം നടത്താൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. കേരളത്തിൽ ഒരു വിദ്യാർത്ഥി സമരം ഉണ്ടാകാൻ പാടില്ല എന്നതിന്റെ ഭാഗമായി മുളയിൽത്തന്നെ നുള്ളിക്കളയാനുള്ള ഉദ്ദേശത്തിന്റെ ഭാഗമായാണ് പോലീസ് ഈ ആക്രമണം നടത്തിയത്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കലേക്ക് എത്തുമ്പോൾ അഞ്ഞൂറോളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. വിദ്യാർത്ഥി പ്രവർത്തകന്മാർക്ക് ഇന്നലെ ഒരു അക്രമമുണ്ടാക്കാൻ ഉദ്ദേശമുണ്ടായിരുന്നെങ്കിൽ ഇത്രയധികം വിദ്യാർത്ഥിനികളെ ആ സമരത്തിൽ പങ്കെടുപ്പിക്കുമായിരുന്നോ ? എസ്.എഫ്.ഐ.യുടെ സംസ്ഥാന പ്രസിഡണ്ട് ബിജുവിനെ വളഞ്ഞിട്ട് തല്ലി, ലോക്കപ്പിൽ കൊണ്ടുപോയി തല്ലി, വാനിലിട്ട് തല്ലി. തല പൊട്ടിയ കാർത്തിക്, വിപിൻദാസ് എന്നീ രണ്ട് വിദ്യാർത്ഥികളെ ഞങ്ങൾ ഇന്നലെ കണ്ടു. അവരുടെ തല പൊട്ടി ഒലിക്കുന്നു. കാഞ്ഞങ്ങാട്ട് എട്ട് സ്കൂൾ കുട്ടികൾ, സ്കൂളിൽ പഠിക്കുന്ന പിഞ്ചു കുട്ടികൾ ഇപ്പോഴും പോലീസ് ലോക്കപ്പിലാണ്. ഇന്നലെ അറസ്റ്റ് ചെയ്ത് വച്ചിട്ട് ഇതുവരെ കോടതിയിൽ ഹാജരാക്കിയിട്ടില്ല. കണ്ണൂരിൽ ഒരു പ്രകോപനവുമില്ലാതെയല്ലേ പോലീസ് തല്ലിയത് ? പത്രങ്ങൾ ഇന്ന് അതിന്റെ സാക്ഷിയാണ്. ഇവരെ അനുകൂലിക്കുന്ന പത്രമായ മനോരമയുടെ ഫോട്ടോ നോക്കിയാൽ കാണാം വീണു കിടക്കുന്ന കുട്ടികളെ പൊതിരെപ്പൊതിരെ തല്ലുന്നത്. അക്രമിക്കുന്ന കുട്ടികളെയാണ് തല്ലുന്നതെങ്കിൽ മനസ്സിലാക്കാം. വീണു കിടക്കുന്ന കുട്ടികളെ തല്ലാൻ പോലീസിന് ആരാണ് അധികാരം കൊടുത്തത് ? ഒരു പ്രകോപനവുമില്ലാതെ പോലീസ് വിദ്യാർത്ഥികളെ തല്ലി.....(ബഹളം)..... ഇന്ന് പുറത്തുവന്ന പത്രങ്ങളിൽ കണ്ടില്ലേ പോലീസ് കല്ലുമായി നിൽക്കുന്നത് ? പോലീസിന്റെ കൈയിലെ പുതിയ ആയുധം കല്ല്. ഇന്നലെ തിരുവനന്തപുരത്ത് ലാത്തി മാത്രമല്ല പോലീസ് പ്രയോഗിച്ചത്. ടിയർ ഗ്യാസ് പൊട്ടിച്ചു. പിന്നെ വന്നു ജലപീരങ്കി. ആന്റണി വിചാരിച്ചത് ഈ വെള്ളം ചീറ്റുമ്പോഴേക്കും കുട്ടികൾ ഓടിക്കളയുമെന്നാണ്. ആന്റണിയുടെ കെ.എസ്.യു. അല്ല ഇന്നലെ സമരം ചെയ്തത്.....(ബഹളം).....ജലപീരങ്കി ആദ്യമായി ഇവിടെ പ്രയോഗിച്ചു. വരുൺ എന്നുപറയുന്ന ജലപീരങ്കി. അതാകട്ടെ കുറച്ച് വെള്ളമല്ലേ ആകൂ. അതിനേക്കാൾ വലിയ മാരകമായ ആയുധങ്ങൾ പ്രയോഗിച്ചു. എട്ട് ഗ്രനേഡുകൾ പ്രയോഗിച്ചു.....(ബഹളം).....

(ഗ്രനേഡും ഫോട്ടോകളും പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഉയർത്തി കാണിച്ചു)

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ഇതൊന്നും ഹൗസിൽ കൊണ്ടുവരാവുന്നതല്ല. ഇതെല്ലാം ചട്ടവിരുദ്ധമാണ്, നിയമലംഘനമാണ്. ഇതൊക്കെ ഹൗസിൽ കൊണ്ടുവരുന്നത് ബഹുമാനപ്പെട്ട അംഗങ്ങളുടെ അന്തസ്സിന് ചേർന്നതല്ല..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇന്നലെ ഞങ്ങൾ സംഭവ സ്ഥലത്ത് പോയപ്പോൾ ഗ്രനേഡ് കണ്ടു. ആ ഗ്രനേഡിലൊന്നാണ് ഇവിടെ കാണിച്ചത്. അങ്ങ് നോക്കണം. ബി.എസ്.എഫ്. നിർമ്മിച്ച ഗ്രനേഡാണ്. അതിൽ പ്രത്യേകിച്ച് എഴുതിയിട്ടുണ്ട് സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലായെങ്കിൽ ജീവഹാനി വരെ സംഭവിക്കും എന്ന്. ഇത്തരം മുന്നറിയിപ്പുകൊടുത്തിരിക്കുന്ന ഗ്രനേഡാണ് പ്രയോഗിച്ചത്. യൂണിവേഴ്സിറ്റി കോളേജിലേക്ക് എറിഞ്ഞ ആ ഗ്രനേഡ് പൊട്ടാതെ കിടന്നു. അത് പൊട്ടിയിരുന്നെങ്കിൽ നിരവധി വിദ്യാർത്ഥികൾ മരിക്കുമായിരുന്നു. വിദ്യാർത്ഥികളെ കൊന്നാലും തരക്കേടില്ല ഗ്രനേഡ് പ്രയോഗിക്കണം എന്ന് മുഖ്യമന്ത്രി എ. കെ. ആന്റണി നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഗ്രനേഡ് പ്രയോഗിച്ചത്. വിദ്യാർത്ഥി നേതാക്കന്മാരെ കൂട്ടക്കൊല നടത്തുക എന്ന ഉദ്ദേശത്തോടെയല്ലേ യൂണിവേഴ്സിറ്റി കോളേജിലേക്ക് ഗ്രനേഡ് വലിച്ചെറിഞ്ഞത്. വിദ്യാർത്ഥികളെ ഇത്തരത്തിൽ ഒരു ശത്രു സൈന്യത്തെ നേരിടുന്നതുപോലെ ഈ ഗവൺമെന്റ് നേരിടാൻ എന്താണ് കാരണം ? പോലീസിന് എത്ര വീര്യമുണ്ടെന്ന് ഇന്നലെ മനസ്സിലായില്ലേ ? മാറാട് പ്രതിമകളെപ്പോലെ നിന്ന പോലീസ് ഇന്നലെ വിദ്യാർത്ഥികൾക്കുനേരെ പുലിയെപ്പോലെ ചീറിപ്പാഞ്ഞ രംഗം കേരളം കണ്ടു. നാണക്കേട് എന്നല്ലാതെ എന്താ പ്രയോഗിക്കേണ്ടത് ? ആർ.എസ്.എസ്.ന്റെ മുമ്പിൽ പഞ്ചപുച്ഛമടക്കി നിന്ന പോലീസ് ഇവിടെ active ആയി. അതിന്റെ അർത്ഥം പോലീസിനോട് മാറാട് ആക്ട് ചെയ്യരുത് എന്നുപറഞ്ഞു. ഇവിടെ തിരുവനന്തപുരത്ത് വിദ്യാർത്ഥികൾക്കു നേരെ ആക്ട് ചെയ്യാൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ പോലീസ് നിഷ്ഠൂരമായി ലാത്തിചാർജ്ജ് നടത്തിയത്. പോലീസ് സേനയിൽ പ്രവർത്തിക്കുന്ന ഒരു കൂട്ടം കോൺഗ്രസ്സ് (ഐ)-ക്കാർ ഉണ്ട്. ആ കോൺഗ്രസ്സ് സെല്ലിൽ പ്രവർത്തിക്കുന്ന പോലീസ് ആണ് ഇന്നലെ കേരളത്തിലുടനീളം ആക്രമണം നടത്തിയത്. കോൺഗ്രസ്സിന്റെ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരമാണ് ഈ വിദ്യാർത്ഥി വേട്ട നടത്തിയത്. ഭരണകക്ഷിയുടെ ചട്ടുകമായി കേരളത്തിലെ പോലീസിനെ മാറ്റിയതിന്റെ ഫലമാണ്. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത് ഈ പ്രശ്നം ഇങ്ങനെ തീരാൻ പോകുന്നില്ല. വിദ്യാർത്ഥികൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നം ഏറ്റവും ന്യായമായ പ്രശ്നമാണ്. ഫീസ് വർദ്ധനവാണ്. കേരളത്തിന്റെ മുഴുവൻ വികാരമാണ്. എത്രയാണ് ഫീസ് വർദ്ധിപ്പിച്ചത് ? ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വച്ച് എം.ബി.ബി.എസ്.ന് ഏറ്റവും കൂടുതൽ ഫീസ് കേരളത്തിലാണ്. കർണ്ണാടകയിൽ എം. ബി. ബി. എസ്.-ന് 1,09,000 രൂപ നിശ്ചയിച്ചപ്പോൾ ഇവിടെ 1,76,000 നിശ്ചയിച്ച് കൊടുത്തിരിക്കുകയാണ്. എൻജിനീയറിംഗ് സീറ്റിന്റെ ഫീസ് കർണ്ണാടകത്തിൽ 12,500. ഇവിടെ 36,000. ആന്ധ്രാപ്രദേശിൽ 22,000. ഇവിടെ 36,000. തമിഴ്നാട്ടിൽ 25,000. ഇവിടെ 36,000. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചപ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾ നോക്കി നിൽക്കണമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇന്നലെ പറഞ്ഞില്ലേ സ്വാശ്രയ കോളേജുകളിൽ 50 ശതമാനം സീറ്റുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനത്തിന് ഗവൺമെന്റ് കോളേജുകളിലെ അതേ ഫീസേ വാങ്ങുകയുള്ളൂ എന്ന്. അങ്ങനെ പ്രഖ്യാപിച്ച ഈ മുഖ്യമന്ത്രിക്ക് എന്തുകൊണ്ട് അത് നടപ്പാക്കാൻ സാധിച്ചില്ല ? ഇന്ന് കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകയിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നപ്പോൾ കേരളത്തിൽ എന്തുകൊണ്ട് കൊണ്ടുവന്നില്ല. ഇവിടെ ആ നിയമം കൊണ്ടുവരാൻ സാധിക്കില്ലായെന്ന് നിയമ വകുപ്പ് ഉപദേശിക്കുന്നു. മറ്റൊരു സംസ്ഥാനം നിയമം കൊണ്ടുവരുന്നു, ആ നിയമം സാധുവാണെന്ന് കർണ്ണാടക ഹൈക്കോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഈ പ്രശ്നത്തിന് ഒരു തീരുമാനം എടുക്കുന്നതിനു പകരം പോലീസിനെ ഉപയോഗിച്ചുകൊണ്ട് ഈ സമരത്തെ നേരിടാമെന്നാണ് ഈ ഗവൺമെന്റ് കരുതുന്നതെങ്കിൽ അങ്ങനെ ഈ സമരത്തെ നേരിടാൻ സാധിക്കില്ല. ഈ സമരം ഇനിയും ശക്തിപ്പെടും. ഈ സമരത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ നിങ്ങൾ കൂടിയാലോചിച്ച് പരിഹരിക്കാൻ തയ്യാറാവുന്നില്ലായെങ്കിൽ വിദ്യാർത്ഥി സമരം ഇനിയും ശക്തിപ്പെടും. അക്രമമെന്ന് പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. കേരളത്തിലെ വിദ്യാർത്ഥികൾ ഇറങ്ങിയിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് രക്ഷിതാക്കളുണ്ടെന്ന് മനസ്സിലാക്കണം. രക്ഷിതാക്കളുടെ വികാരം ഉണരും. മർദ്ദനംകൊണ്ട് ജനകീയ സമരത്തെ അടിച്ചമർത്താമെന്ന് കരുതുന്ന ഗവൺമെന്റിന്റെ പോലീസ് നയമാണ് ഇന്നലെ കേരളത്തിലെ വിദ്യാർത്ഥികളുടെയിടയിൽ ചെന്ന് അവസാനിച്ചിരിക്കുന്നത്. .....(ബഹളം).....വിദ്യാർത്ഥികളുടെ ചുടുചോര കുടിക്കുന്ന ഒരു ഡ്രാക്കുളയായി മുഖ്യമന്ത്രി എ. കെ. ആന്റണി മാറരുതെന്നാണ് ഈ സമയത്ത് അങ്ങയുടെ മുഖത്തുനോക്കി എനിക്ക് പറയാനുള്ളത്.' വിദ്യാർത്ഥി രംഗത്തിലൂടെ കടന്നുവന്ന, കേരളത്തിലെ രാഷ്ട്രീയ നേതാവായിരുന്ന മിസ്റ്റർ എ. കെ. ആന്റണി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനമാകെ ഇന്ന് നിശബ്ദ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട്, വിദ്യാർത്ഥികളോട് നാവടക്കൂ എന്ന് പ്രഖ്യാപിച്ചുകൊണ്ട് അടിയന്തിരാവസ്ഥയുടെ പുതിയ ചില പരിപാടികളുമായി മുന്നോട്ട് നീങ്ങുന്നത് ആപത്തായിരിക്കും. അതുകൊണ്ട് തീക്കൊള്ളി കൊണ്ട് തല ചൊറിയരുത്. ഗ്രനേഡ് പ്രയോഗിച്ചുകൊണ്ട് വിദ്യാർത്ഥികളെ കൊലപ്പെടുത്താൻപോലും പോലീസിനെ കയറൂരി വിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത്യന്തം ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ സംജാതമായിരിക്കുന്നത്. പോലീസ് ഇടപെടേണ്ട സ്ഥലത്ത് ഇടപെടുന്നില്ല. മാറാട് നോക്കി നിൽക്കുന്നു. ജനങ്ങൾ ഭയവിഹ്വലരായി നിൽക്കുന്ന സ്ഥലത്ത് പോലീസ് നോക്കി നിൽക്കുന്നു. വിദ്യാർത്ഥികൾ സമരം ചെയ്യുമ്പോൾ ഇടിക്കുന്നു. ജനകീയ സമരത്തെ അടിച്ചമർത്തുന്ന പോലീസ് നയത്തിന്റെ പ്രത്യക്ഷമായ തെളിവാണ് ഇന്നലെ തിരുവനന്തപുരത്തും വിവിധ സ്ഥലങ്ങളിലും ഉണ്ടായ സംഭവം. ഇത് നിയന്ത്രിച്ചില്ലായെങ്കിൽ കേരളത്തിൽ അതീവ ഗുരുതരമായ സ്ഥിതി വിശേഷമുണ്ടാകും. അതിന് കാരണം ഈ ഗവൺമെന്റ് മാത്രമായിരിക്കും. അതുകൊണ്ട് ഈ അടിയന്തിര സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് ആവശ്യപ്പെടുകയാണ്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : Order.....Order..... Chief Minister is on his legs

മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി : സർ, അടിയന്തിരപ്രമേയത്തിന് അവതരണാനുമതി ചോദിച്ചുകൊണ്ട് ബഹുമാന്യനായ കോടിയേരി പറഞ്ഞ മിക്ക കാര്യങ്ങളും അടിസ്ഥാനരഹിതവും അതിശയോക്തിപരവുമാണ്. അതിലേക്ക് കടക്കുന്നതിനുമുമ്പ് ഈ സമരത്തിന് ആധാരമായ ഫീസിന്റെ പ്രശ്നത്തിലുള്ള ഗവൺമെന്റിന്റെ നിലപാട് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ കോളേജുകളിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുകളിൽ ഗവൺമെന്റ് പൂർണ്ണമായും തൃപ്തരല്ല. പക്ഷേ, ഹൈക്കോടതിയുടെ തീരുമാനം വന്നുകഴിഞ്ഞപ്പോൾ ഗവൺമെന്റിന് നിയമപരമായി മറ്റൊരു മാർഗ്ഗവും ഇല്ലാത്ത സാഹചര്യത്തിലാണ് ഈ ഫീസ് നിരക്കിലേക്ക് പോകേണ്ടിവന്നത്. പക്ഷേ ഒരു കാര്യം കൂടി ബഹുമാനപ്പെട്ട അംഗങ്ങൾ ആലോചിക്കണം. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് അയൽ സംസ്ഥാനങ്ങളിലെ സ്ഥിതി എന്തായിരുന്നു ? എൻജിനീയറിംഗിന് ഏറ്റവും കുറഞ്ഞത് അഞ്ച് ലക്ഷം രൂപയായിരുന്നു ക്യാപ്പിറ്റേഷൻ ഫീസ്. മെഡിസിന് ഏറ്റവും കുറഞ്ഞ ക്യാപ്പിറ്റേഷൻ ഫീസ് 30 ലക്ഷമായിരുന്നു. ഈ കൂടിയ പണം മുടക്കി കേരളത്തിലുള്ള കുട്ടികൾ അയൽ സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ വന്നത്.....(ബഹളം)..... ഇന്ന് ഏതായാലും കേരള ഗവൺമെന്റിന്റെ പുതിയ നയസമീപനത്തിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ഫലമായി ഇന്ന് ആരും ഉന്നതവിദ്യാഭ്യാസത്തിന് അയൽ സംസ്ഥാനങ്ങളിലേക്ക് പോകേണ്ട സാഹചര്യം വരുന്നില്ല. രണ്ട് വർഷം മുമ്പുവരെ അയൽ സംസ്ഥാനങ്ങളിൽ എൻജിനീയറിംഗിനും മെഡിസിനും കൊടുത്തതുപോലുള്ള ഫീസ് കൊടുക്കേണ്ട സാഹചര്യം ഇന്ന് ഒഴിവായിട്ടുണ്ട്. അപ്പോൾ ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ ഫലമായി ഇവിടെ ധാരാളം സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടായതിന്റെ ഫലമായാണ് അയൽസംസ്ഥാനങ്ങളിലെ ക്യാപ്പിറ്റേഷൻ ഫീസിന്റെ സ്ട്രക്ചർ തകർത്തത്. അത് കേരള ഗവൺമെന്റിന്റെ നയത്തിന്റെ ഫലമാണ്. എന്തായാലും മറ്റു സംസ്ഥാനങ്ങളിൽ സ്ഥാപനം നടത്തുന്നവർ ഇവിടെ വന്ന് കുട്ടികളെ ഇന്റർവ്യൂ ചെയ്യുന്ന സ്ഥിതിയിൽ എത്തി. ഈ കോളേജുകൾ ഇല്ലായിരുന്നെങ്കിൽ, കേരള ഗവൺമെന്റ് മുൻകൈയെടുത്തു സ്ഥാപിച്ച കോളേജുകളില്ലായിരുന്നെങ്കിൽ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകുകയില്ലായിരുന്നു. പക്ഷേ, പണ്ട് അവർ ഡിക്റ്റേറ്റ് ചെയ്യുകയായിരുന്നു ഇപ്പോൾ അത് സാധിക്കുന്നില്ല. ആ മാറ്റം കാണാതിരിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതേ സമയത്ത് ഈ ഫീസ് കുറയ്ക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. എന്റെ സഹപ്രവർത്തകൻ വിദ്യാഭ്യാസമന്ത്രി ശ്രീ. നാലകത്തു സൂപ്പി മുൻകൈ എടുത്തു നടത്തിയ ചർച്ചകളുടെ ഫലമായി എഞ്ചിനീയറിങ് കോളേജുകളിലെ ഫീസ് അറുപതിനായിരം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പതിനെണ്ണായിരം രൂപയായി കുറച്ചു. ഗവൺമെന്റ് അതിലും തൃപ്തരല്ല. ഗവൺമെന്റ് ഇനിയും ആ ഫീസ് കുറയ്ക്കാൻ ശ്രമിക്കുകയാണ്. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിൽ ഒരുലക്ഷത്തി എഴുപത്തിയാറായിരം എന്നാണ് നിശ്ചയിച്ചതെങ്കിലും ആ ഫീസ് കുറയ്ക്കാൻ ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇത് മാനേജ്മെന്റുകളുമായിട്ട് ചർച്ച ചെയ്ത് കുറയ്ക്കാനായിട്ട് തീവ്രമായ ശ്രമം നടത്തുകയാണ്. പക്ഷെ അവർ കുറയ്ക്കുന്നില്ലെങ്കിൽ ഗവൺമെന്റ് അടുത്ത ഘട്ടം തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ സഭയിൽ പറഞ്ഞു, ഗവൺമെന്റ് പുതിയതായി കൊണ്ടുവരാൻ പോകുന്ന ഏകീകൃത യൂണിവേഴ്സിറ്റി നിയമത്തിൽ ഫീസ് നിശ്ചയിക്കാനുള്ള അവകാശം ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അങ്ങനെ വരുമ്പോൾ ഗവൺമെന്റ് ന്യായമായ ഫീസ് നിശ്ചയിക്കും. ആ നിയമ നിർമ്മാണം ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണ്. അതിനെക്കുറിച്ച് ഈ സഭയിൽ ഉറപ്പ് നൽകിയ കാര്യമാണ്. ഗവൺമെന്റിന്റെ തീരുമാനം വന്നതിനുശേഷം പിന്നെ എന്തിനാണ് സമരം ? രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി കുട്ടികളെ ഇളക്കി വിടുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വളരെ നിർബന്ധമാണ്. അതുപോലെ തന്നെ 50% മെറിറ്റ് സീറ്റുകളിൽ പരിപൂർണ്ണമായി റിസർവേഷൻ പാലിക്കണമെന്നും നിർബന്ധമാണ്. സ്വാശ്രയ കോളേജുകളിൽ 50% മെറിറ്റ് 50% മാനേജ്മെന്റ് സീറ്റ്. ഫീസ് നിശ്ചയിക്കാനുള്ള അധികാരം ഗവൺമെന്റിന്. ഇതാണ് ഞങ്ങളുടെ സ്റ്റാന്റ്. ഇതനുസരിച്ചുള്ള നിയമ നിർമ്മാണം വരാൻ പോകുകയാണ്. ഇതെല്ലാം പ്രഖ്യാപിച്ചതിനുശേഷം പിന്നെ എന്തിനാണ് ഈ സമരം. ഗവൺമെന്റ് എല്ലാ കാര്യങ്ങളും പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഗവൺമെന്റിന്റെ നിലപാട് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. പിന്നേയും സമരം എങ്കിൽ സമരം ചെയ്തു കൊള്ളുക. സമരം ചെയ്യാൻ അവകാശമുണ്ട്. നിങ്ങൾ എന്തിനാണ് ബോംബ് എറിയുന്നത്, എന്തിനാണ് പടക്കമെറിയുന്നത്. എന്തിനാണ് ആക്രമിക്കുന്നത്. ഇവിടെ എന്റെ സുഹൃത്ത് കോടിയേരി ഒരു പത്രത്തിന്റെ പേര് എടുത്തു പറഞ്ഞതുകൊണ്ട് മാത്രം ഞാൻ പറയുകയാണ്. എല്ലാ പത്രങ്ങളിലും റിപ്പോർട്ടുണ്ട്. മലയാള മനോരമയിലെ പോലീസ് അടിക്കുന്ന ഫോട്ടോ അദ്ദേഹം ഇവിടെ പറഞ്ഞതുകൊണ്ടു മാത്രമാണ്. മലയാള മനോരമയുടെ ആദ്യത്തെ ഫോട്ടോ എന്താണ്. സമരവീര്യം, കല്ലെടുത്തുകൊണ്ട്, ഇത് നോക്കു..... (ബഹളം).....(ബഹളം)..... മുഖം മറച്ച് കല്ല് പോലീസിനു നേരെ എറിയുകയാണ്.....(ബഹളം).....

മി. സ്പീക്കർ : രണ്ടു പേരും തർക്കിക്കേണ്ട. ടി.വി. വന്നതുകൊണ്ട് ഒരു ഗുണംകിട്ടി. ലോകർ മുഴുവൻ ഇത് കാണുന്നുണ്ട്. ഓർഡർ.....ഓർഡർ.....

ശ്രീ. എ. കെ. ആന്റണി : സർ, പോലീസിനു നേരെ കല്ലെറിയുന്നു. കല്ലെറിഞ്ഞ് കഴിഞ്ഞ് യുദ്ധം കഴിഞ്ഞ് അവസാനിക്കുന്ന യുദ്ധഭൂമിയിലെ അവശിഷ്ടം പോലെ ഇഷ്ടിക കഷണങ്ങൾ യൂണിവേഴ്സിറ്റി കോളേജിന്റെ മുറ്റത്ത് നിര നിരയായി കിടക്കുന്നത്, ഇതെല്ലാം ടി.വി. യിൽ വന്നതാണ്. ഇതെല്ലാം ടി.വി. യിൽ ഉണ്ടായിരുന്നു. അക്രമാസക്തമായ സമരമാണ് നടന്നത്. എന്റെ സുഹൃത്ത് കോടിയേരി ഗ്രനേഡ് എറിഞ്ഞു എന്നു പറഞ്ഞു. ഗ്രനേഡ് രണ്ടു വർഷത്തിനുശേഷം കേരളത്തിലെ പോലീസ് പുത്തനായി കണ്ടുപിടിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആയുധമല്ല. ഇതുപോലുള്ള അക്രമാസക്തമായ സമരങ്ങളിൽ നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഉപയോഗിച്ചതും ഈ ഗ്രനേഡ് തന്നെയാണ്. അന്ന് കേരളത്തിന്റെ പല ഭാഗത്തും ഉപയോഗിച്ചതും ഈ ഗ്രനേഡ് തന്നെയാണ്. കേരളത്തിന്റെ പോലീസ്.....(ബഹളം).....

മി. സ്പീക്കർ : Order.....Order.....

ശ്രീ. എ. കെ. ആന്റണി : കേരളാ പോലീസ് സ്ഥിരമായി ഉപയോഗിക്കുന്ന ഗ്രനേഡാണ്. പുതിയതായി കണ്ടുപിടിച്ചതല്ല. .....(ബഹളം).....ഇൻഡ്യാ ഗവൺമെന്റ്.....(ബഹളം)..... അക്രമാസക്തമായ സമരങ്ങളിൽ ഇൻഡ്യ ഒട്ടുക്കും ഉപയോഗിക്കുന്നതും കേരളത്തിൽ സ്ഥിരമായി മാർക്സിസ്റ്റ് ഗവൺമെന്റ് ഉപയോഗിച്ചിരുന്നതുമായ ഗ്രനേഡ് തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ആ സാഹചര്യം ഒഴിവാക്കണം. സമരങ്ങളുടെ ഭാഗമായിട്ടുള്ള അക്രമ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ തയ്യാറാകണം. അക്രമം ഉണ്ടായാൽ അക്രമത്തെ ശക്തമായി നേരിടും. അപ്പോൾ ഇത്തരം അക്രമം ഉണ്ടായാൽ നേരിടേണ്ടി വരും.....(ബഹളം).....

Mr.Speaker : Order.....Order.....Yes.....Yes.....

എന്തൊക്കെയാണ് നടക്കുന്നത്.....(ബഹളം).....Yes.....Please resume your seat. ദേവകുമാർ, കെ.പി. രാജേന്ദ്രൻ Please resume your seat. കെ. പി. രാജേന്ദ്രനെപ്പോലുള്ള നേതാവ് ഇങ്ങനെ പറയാൻ പാടില്ല..... (ബഹളം).....

ശ്രീ. എ. കെ. ആന്റണി : സർ, എനിക്ക് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയോടും, ഇടതുപക്ഷത്തോടും അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ കേരളത്തിൽ എത്രയോ തവണ അധികാരത്തിൽ ഇരുന്നതാണ്. നിങ്ങൾ ഏതെങ്കിലും അവസരത്തിൽ തിരിച്ച് വരാവുന്നവരാണ്. നിങ്ങൾ നിങ്ങളുടെ വിദ്യാർത്ഥി സംഘടനകളെ, നിങ്ങളുടെ ബഹുജന സംഘടനകളെ സമരത്തിന്റെ പേരിൽ അഴിച്ചു വിടുന്നത് ശരിയാണോ ? കഴിഞ്ഞ പ്രാവശ്യവും ഇതു തന്നെ സംഭവിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ സംഭവത്തിന്റെ ഫലമായി രണ്ട് എസ്. പി. മാർക്കാണ് പരിക്കു പറ്റിയത്. കണ്ണൂരും പാലക്കാടും. സമരത്തിന്റെ പേരിൽ നിയമം കൈയിൽ എടുത്ത് കലാപം അഴിച്ചുവിടുന്ന സമ്പ്രദായം ശരിയാണോ ?.....(ബഹളം).....തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനെ കേന്ദ്രീകരിച്ച് യൂണിവേഴ്സിറ്റി കോളേജിലെ എല്ലാ സമരങ്ങൾക്കും ഒരു ചാവേർ പടയെ, ഒരു ബോംബ് സ്കാഡിനെ അയക്കുന്നത് ഒരു സ്ഥിരം പതിവായി മാറിയിരിക്കുന്നു. ആ ഏർപ്പാട് നടക്കില്ല. ഇതിന് പരിഹാരം ഉണ്ടാക്കിയേ പറ്റൂ. യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് സ്ഥിരമായി ബോബേറും, പടക്കമേറും. തീർച്ചയായും ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ ആലോചിച്ചു കൊണ്ടിരിക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ : ചീഫ് മിനിസ്റ്റരെ എങ്കിലും നിങ്ങൾ ഒന്നു ബഹുമാനിക്ക്. Don't invite trouble. Please resume your seat. Order.....Order.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രമല്ല, കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്ന് വളരെ വ്യക്തമായി, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് പറയുകയാണ്, യൂണിവേഴ്സിറ്റി കോളേജിനെ ഈ നിലയ്ക്ക് ദുരുപയോഗപ്പെടുത്തരുത്. അതിനെ ഒരു ആയുധപ്പുരയാക്കി മാറ്റരുത്. സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിരിക്കുന്ന യൂണിവേഴ്സിറ്റി കോളേജിന്റെ പാവനതയും സൽപ്പേരും നഷ്ടപ്പെടുത്തരുത്. അത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് ആയുധ പുരയാക്കാനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് അംഗീകരിക്കുകയില്ല. സമരം ചെയ്യാൻ എല്ലാപേർക്കും അവകാശമുണ്ട്. സമരത്തിന്റെ പേരിൽ കലാപം അഴിച്ചു വിട്ടാൽ കലാപത്തിനെ കലാപമായി നേരിടും. ശക്തമായി നേരിടും എന്നാണ് എനിക്ക് പറയാനുള്ളത്. സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ആഭ്യന്തര വകുപ്പിന്റെ പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ആയിരക്കണക്കിന് വിദ്യാർത്ഥികളെ അത്യന്തം നിഷ്ഠുരമായി മർദ്ദിച്ചതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നിർലജ്ജം ന്യായീകരിക്കുകയുണ്ടായി. ആ ന്യായീകരണം സ്വാഭാവികമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹം നൽകിയ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ നടന്ന ഹീനമായ മർദ്ദനത്തെ ന്യായീകരിക്കാൻ അദ്ദേഹം ബാധ്യസ്ഥനാണ്. അദ്ദേഹം ആർക്കുവേണ്ടിയാണ് ഇത് ന്യായീകരിച്ചത് എന്ന് ഓർക്കുന്നുണ്ടോ ? കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്കു വേണ്ടി. വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടിയാണ് നിങ്ങൾ ഇത്ര നിർലജ്ജമായി വിദ്യാർത്ഥികളെ മർദ്ദിച്ചതിനെ ന്യായീകരിച്ചത് എന്ന് ഓർക്കണം.. കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് നിങ്ങൾ തന്നെ 50% മെറിറ്റും 50% സ്വതന്ത്രമായി കോഴ വാങ്ങി അഡ്മിറ്റ് ചെയ്യാനുള്ള അവകാശം നൽകിയവരാണ്. അതേസമയംതന്നെ പാർട്ടിയായ കോൺഗ്രസ് കർണ്ണാടകയിൽ ഭരിക്കുംപോൾ 75 % ഗവണ്മെന്റ് നിശ്ചയിക്കും. മെറിറ്റും റിസർവേഷനുമായി. 25% മാത്രമേ സ്വകാര്യ മാനേജുമെന്റിന് അഡ്മിഷൻ നടത്താൻ അവകാശമുള്ളൂ. അങ്ങനെ മെറിറ്റിന്റേയും സംവരണത്തിന്റേയും സംരക്ഷണം നൽകിയ അയൽ സംസ്ഥാനത്തിന്റെ മാതൃക നിങ്ങൾക്ക് എന്തുകൊണ്ട് സ്വീകരിക്കാൻ കഴിഞ്ഞില്ല ? വിദ്യാഭ്യാസ കച്ചവടക്കാർക്കു വേണ്ടിയാണ് നിങ്ങൾ ഇത്തരം നഗ്നമായ, നിർലജ്ജമായ ഈ വിടുവേല ചെയ്തത്. അതിന്റെ ഫലമായി ഈ കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ നിങ്ങളോട് ചോദിക്കുകയും നിങ്ങൾക്ക് ഉത്തരം നൽകാൻ കഴിയാതെ വരികയും ചെയ്ത വസ്തുത നിങ്ങൾ മറന്നുകൂടാ. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പാവനതയ്ക്ക്, വിദ്യാഭ്യാസ സ്ഥാപനം സംരക്ഷിക്കാൻ വേണ്ടി ഇതിനേക്കാൾ കൂടുതൽ മർദ്ദനം നടത്തേണ്ടി വരികയാണെങ്കിൽ നടത്തും എന്നുള്ള പ്രഖ്യാപനം നിങ്ങൾ അന്നും നടത്തുകയുണ്ടായി. ഇങ്ങനെ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി നടത്തുന്ന വിടുവേല സംബന്ധിച്ച് അന്നും നിങ്ങൾ ന്യായീകരിച്ചു. എന്താണ് ന്യായീകരണം ? ഇവിടെ വേണ്ടത്ര സ്വകാര്യ സ്വാശ്രയ കേളേജുകൾ അനുവദിക്കാതിരുന്നതിന്റെ ഫലമായി അന്യ സംസ്ഥാനങ്ങളിലേക്ക് നമ്മുടെ

10.00 A.M]

LIBRARY ARCHIVES Kerala Legislative Assembly

പൗരൻമാർ കുട്ടികളുമായി പോകേണ്ടിവന്നു. 5 ലക്ഷവും 30 ലക്ഷവും ആണ് അന്ന് കോഴ കൊടുക്കേണ്ടിവന്നത്. ഇന്ന് ആ സ്ഥിതി ഇല്ല എന്നാണ്. എന്നാൽ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം, ഇന്നും ആ സ്ഥിതി തുടരുകയാണ്. കാരണം കേരളത്തിൽ കൊടുക്കുന്നതിനെക്കാൾ കുറഞ്ഞ കോഴയോ, ഫീസോ അവിടെ കൊടുത്താൽ മതി. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ ലിസ്റ്റ് ഇവിടെ നിരത്തി. കർണ്ണാടകയിൽ ഇത്ര, തമിഴ്നാട്ടിൽ ഇത്ര, ആന്ധ്രാപ്രദേശിൽ ഇത്ര. അപ്പോൾ അവിടെ 22000, ഇവിടെ 35000, അവിടെ 20000, ഇവിടെ 36000, അവിടെ ഒരു ലക്ഷം, ഇവിടെ 1,76000. ഇങ്ങനെയാണ് എഞ്ചിനീയറിംഗ് കോളേജിന്റേയും മെഡിക്കൽ കോളേജിന്റേയും ഫീസിന്റെ വ്യത്യാസം. മെറിറ്റിന്റെ കാര്യത്തിലും സംവരണത്തിന്റെ കാര്യത്തിലുമുള്ള വ്യത്യാസമെല്ലാം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അപ്പോൾ നിങ്ങളുടെ അവകാശവാദം ശുദ്ധ അസംബന്ധമാണ്. പഴയതുപോലെതന്നെ ഇപ്പോഴും ഇവിടെയാണ് കൂടുതൽ. പിന്നെ നിങ്ങൾ ഉത്തരേന്ത്യയിലെ ഫീസിന്റെ വലിപ്പത്തെപ്പറ്റി പറഞ്ഞു. ആ വലിപ്പപ്പെട്ട 30 ലക്ഷം വാങ്ങുന്ന സ്വകാര്യ മെഡിക്കൽ കോളേജ് കേരളത്തിൽ ഇല്ലേ ? പുഷ്പഗിരി. പുഷ്പഗിരി, 30 ലക്ഷം. അപ്പോൾ നിങ്ങൾ പറഞ്ഞത് അന്യ സംസ്ഥാനങ്ങളിൽനിന്നും കേരള പൗരൻമാർ അവരുടെ മക്കളുമായി പോകുന്നത് അവസാനിപ്പിച്ച് കേരളത്തിലേക്ക് വന്നോളൂ, ഇവിടെത്തന്നെ കൊടുത്തോളൂ, അഡ്മിഷൻ വാങ്ങിക്കോളൂ. അതിന് നിങ്ങൾ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് നഗ്നമായി കീഴടങ്ങിയിരിക്കുകയാണ്. എന്നിട്ട് മാന്യരാണ് എന്നുള്ള മര്യാദയിൽ പോകരുത്. അതുകൊണ്ട് ഇതൊന്നും പറഞ്ഞിട്ട് നിങ്ങളുടെ വിദ്യാഭ്യാസ കച്ചവടക്കാരെ രക്ഷിക്കാനുള്ള നയസമീപനങ്ങൾ മുമ്പോട്ടു കൊണ്ടു പോകരുത്. കുട്ടികളെ തല്ലിയതുകൊണ്ടോ, നാളെ രക്ഷകർത്താക്കളെ തല്ലിയതുകൊണ്ടോ, നാളെ സാംസ്ക്കാരിക നായകൻമാരെ തല്ലിയതുകൊണ്ടോ, രാഷ്ട്രീയ പാർട്ടി നേതാക്കൻമാരെ തല്ലിയതുകൊണ്ടോ, പത്രക്കാരെ തല്ലിയതുകൊണ്ടോ നിങ്ങളുടെ ദുരധികാരവാഴ്ച, സ്വാശ്രയ മാനേജുമെന്റിനു വേണ്ടിയിട്ടുള്ള വിടുവേല തുടരാം എന്ന് കരുതരുത്. നിങ്ങൾ എത്രയുംവേഗം കർണ്ണാടക മോഡൽ 50% അല്ല, 75% ഗവണ്മെന്റ് നിശ്ചയിക്കുന്നതനുസരിച്ചുള്ള അഡ്മിഷൻ. മെറിറ്റും റിസർവേഷനുമായിട്ടുള്ള അഡ്മിഷൻ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവരാൻ നിങ്ങൾ എപ്പോൾ തുനിയുന്നുവോ അപ്പോൾ മാത്രമേ ഇവരുടെ കോഴ പിടുങ്ങൽ, സ്വാശ്രയ മാനേജുമെന്റിന്റെ കൊള്ള അവസാനിക്കാൻ പോകുന്നുള്ളൂ. നാളെ, നാളെ എന്നുപറഞ്ഞുകൊണ്ട് നിങ്ങൾ ഇത് നീട്ടിക്കൊണ്ടുപോകുന്നത് ഇത്തരക്കാരെ സഹായിക്കാനാണ്. ഈ നിഷ്ഠുരമായ വിദ്യാർത്ഥി വേട്ടയെസംബന്ധിച്ച് നിങ്ങൾ പറഞ്ഞല്ലോ. കല്ലിരിക്കുന്നത് വിദ്യാർത്ഥികളുടെ കൈയിലാണ്. കല്ലിരിക്കുന്നത് പോലീസുകാരന്റെ കൈയിലല്ല എന്ന്. മുഖ്യമന്ത്രിയുടെ ഫോട്ടോയിൽ കല്ലിരിക്കുന്നത് വിദ്യാർത്ഥികളുടെ കൈയിൽ. ഞങ്ങൾ ഒരു പത്രത്തിൽ ചൂണ്ടിക്കാണിച്ചത് പോലീസുകാരന്റെ കൈയിൽ. ഇത്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും പരിശോധിച്ച് നിഷ്പക്ഷവും നീതിപൂർവ്വകവുമായി എങ്ങനെ വിദ്യാർത്ഥി സമരത്തെ നേരിടാം എന്നുള്ളതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. നിഷ്കളങ്കമായ ബഹുജന സമരങ്ങൾ നടക്കുന്നതിന് ഈ ഗവണ്മെന്റ് എതിരല്ല എന്നുപറഞ്ഞത് സന്തോഷത്തോടുകൂടി ഞാൻ സ്വീകരിക്കുകയാണ്. എന്നാൽ ആ ബഹുജന സമരങ്ങൾ, നീതിപൂർവ്വമായി നടത്തുന്ന ബഹുജന സമരങ്ങൾ മര്യാദയ്ക്ക് നടത്താൻ നിങ്ങളുടെ പോലീസ് തയ്യാറല്ല. നിങ്ങളുടെ പോലീസിന്റെ വാനിൽ ലാത്തിയും ഗ്രനേഡും ഒപ്പം ചാക്കുകണക്കിന് കല്ലുമായിട്ടാണ് സമര മേഖലയിലെല്ലാം വരുന്നത് എന്നതിന് ഞങ്ങളെല്ലാം ദൃക്സാക്ഷികളാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ കല്ലുപയോഗിച്ചു എന്നുപറഞ്ഞുകൊണ്ട് അവരുടെമേൽ നടത്തിയിട്ടുള്ള ഈ നാണംകെട്ട ആക്രമണത്തെ ന്യായീകരിക്കാം എന്നു വിചാരിക്കരുത്. നിങ്ങളുടെ ആണത്തമുള്ള പോലീസ്, സത്യസന്ധതയുള്ള പോലീസ്, നല്ല നിയമസമാധാനം പരിരക്ഷിക്കുന്ന പോലീസ് എന്ന് നിങ്ങൾ അവകാശപ്പെടുന്ന പോലീസ്, എന്തേ അതിൽ ഒരു പത്തെണ്ണത്തെ മാറാട്ടേയ്ക്ക് അയയ്ക്കാൻ കഴിയാതിരുന്നത് ? മാറാട് നിങ്ങൾ ആർ.എസ്.എസ്.-ന് വിടുവേല ചെയ്യുന്നു. സ്റ്റേറ്റിലാകെ നിങ്ങൾ സ്വകാര്യ മാനേജുമെന്റിന്, സ്വാശ്രയ കോളേജ് മാനേജുമെന്റിന് വിടുവേല ചെയ്യുന്നു. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്ക് നന്നായി സ്വന്തം കണ്ണുകൊണ്ട് കാണാനുള്ള അവസരം സൃഷ്ടിക്കുകയാണ് വിദ്യാർത്ഥികളുടെ ഈ ഉജ്ജ്വലമായ സമരംവഴി ഇന്നുണ്ടായിട്ടുള്ളത് എന്ന് നിങ്ങൾക്ക് മനസ്സിലാകും. ഇതുസംബന്ധിച്ച് വ്യക്തമായ ചർച്ചയ്ക്ക്, സവിസ്തരമായ ചർച്ചയ്ക്ക് നിങ്ങൾ ഭയപ്പെടുന്നതു കൊണ്ടാണ് ഈ ആവശ്യത്തെ നിഷേധിച്ചത് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. മർദ്ദനം നടത്തിയവർക്കെതിരായി നടപടിയെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ ഇതുസംബന്ധിച്ചുള്ള നിയമം ഒരു നിമിഷംപോലും താമസിക്കാതെ കൊണ്ടുവരണം. കർണ്ണാടകത്തെപ്പോലെ ഇന്ത്യയ്ക്കാകെ മാതൃക കാണിച്ചുകൊടുക്കാൻ കഴിയത്തക്കവിധത്തിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിക്കാൻ കഴിയുമെങ്കിൽ ഏറെ നല്ലത്. അത്രയുമില്ലെങ്കിൽ അതിൽ നിന്നും ഒട്ടും പിറകോട്ടു പോകാത്തവിധത്തിൽ നിയമം കൊണ്ടുവരണം. വിദ്യാർത്ഥി വേട്ടയെ സംബന്ധിച്ചുള്ള ഒരു അന്വേഷണം അടിയന്തിരമായി നടത്താനും തയ്യാറാകണം ഇല്ലെങ്കിൽ ഇന്ന് വിദ്യാർത്ഥികളെ കലാപക്കാരായി ചിത്രീകരിച്ച നിങ്ങൾക്ക് കലാപക്കാരായി പ്രതിപക്ഷത്തെ നാളെ ചിത്രീകരിക്കേണ്ടി വരും എന്ന് ഞാൻ മുന്നറിയിപ്പ് നൽകുന്നു. നിങ്ങളുടെ ഈ ഹീനമായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ.....(ബഹളം).....സംസാരിക്കാൻ സമ്മതിക്കു.....സംസാരിക്കാൻ അനുവദിക്കു.....(ബഹളം).....

മി. സ്പീക്കർ : മുഖ്യമന്ത്രി സംസാരിച്ചപ്പോൾ നിങ്ങൾ കാണിച്ചതെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : പറയാൻ സമ്മതിക്കൂ.....(ബഹളം)..... ഒന്നു പറയട്ടെ.....അങ്ങ് പറഞ്ഞാലല്ലേ ഇരിക്കുകയുള്ളൂ...

Mr. Speaker : Sri. Dominic please resume your seat

ശ്രീ. കെ. പി. രാജേന്ദ്രൻ ഒന്ന് പറയാൻ അനുവദിക്കൂ സർ,(ബഹളം)..... ഇത് പറയണ്ടേ.

മി. സ്പീക്കർ : ഇത് എല്ലാപേരും ആലോചിക്കേണ്ട കാര്യമാണ്. Neelan, Supal, Raju Abraham, this is Assembly, this is not a market. Raju Abraham I order you, this is Assembly, do not behave like this.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇന്നലെ ഇത്രയും ക്രൂരമായി വിദ്യാർത്ഥികളെ മർദ്ദിക്കാൻ എന്തു സംഭവമാണുണ്ടായത്. ഞങ്ങൾ ഇന്നലെ പൂജപ്പുര സ്റ്റേഷനിൽ ചെല്ലുമ്പോൾ തല പൊട്ടി ചോരയൊലിക്കുന്ന രണ്ടു കുട്ടികളെയാണ് കണ്ടത്. അതു മാത്രമല്ല.....(ബഹളം)..... ക്രിമിനൽ കേസിൽ ഗുണ്ടാ ആക്ടനുസരിച്ച് ആ കുട്ടികളുടെ പേരിൽ കേസെടുത്ത്, അവരുടെ ഫോട്ടോയെടുത്ത് ഫിംഗർ പ്രിന്റെടുക്കാൻ നടപടിയെടുക്കുമ്പോഴാണ് എം.എൽ.എ.മാരായ ഞങ്ങൾ അവിടെ ചെല്ലുന്നത്. ഞങ്ങൾ ഇടപെട്ടതിന്റെ ഫലമായി അത് ഒഴിവാക്കി.. ഇത് മാതൃഭൂമി പത്രത്തിലെ ഒരു ചിത്രമാണ്. പെൺകുട്ടികൾ, നമ്മുടെയൊക്കെ മക്കളുടെ പ്രായമല്ലേയുള്ളൂ. കുട്ടികൾ എൻട്രൻസ് പരീക്ഷയെഴുതി ഇന്ന് മുതൽ മെഡിക്കൽ കൗൺസിലിംഗിന് ഹാജരാവുകയാണ്. എത്ര സീറ്റുണ്ട്, എത്ര ഫീസ്, ഒരു നിശ്ചയവുമില്ലാത്ത കുട്ടികളാണ്. ആ കുട്ടികളെയല്ലേ തല്ലിയോടിച്ചത്. കെ.പി.സി.സി. പ്രസിഡന്റ് മുരളീധരനെ കൊലപ്പെടുത്താൻ ചെന്ന ഗുണ്ടകളെ നേരിടാൻ, അക്രമകാരികളെ നേരിടാൻ പോലീസ് ചെന്നില്ലല്ലോ, മാറാടിലെ കാര്യം ഇവിടെ പറഞ്ഞു. ഇന്നലെ ഇത്രയും ഭീകരമായ ഗ്രനേഡ് ഉപയോഗിച്ച് ഈ വിദ്യാർത്ഥികളെ....ശ്രീ. ഹസ്സൻ ചോദിച്ചു, ഗ്രനേഡ് പിന്നെ പുഴുങ്ങി തിന്നാനാണോ എന്ന്. അല്ല, വിദ്യാർത്ഥികളെ കൊല്ലാൻ. അങ്ങനെ വിദ്യാർത്ഥികളെ ഗ്രനേഡ് എറിഞ്ഞ് കൊലപ്പെടുത്താൻ, ആദിവാസികളെ വെടിവച്ച് കൊന്നതുപോലെ വിദ്യാർത്ഥികളെ വെടിവച്ച് കൊല്ലണോ ? നിങ്ങളൊക്കെ കെ.എസ്.യു. നേതാക്കന്മാരായിട്ട് മന്ത്രിമാരും, മുഖ്യമന്ത്രിയും, എം.എൽ.എ.മാരും ആയവരല്ലേ. വിദ്യാർത്ഥികളെ വെടിവച്ച് കൊല്ലാൻ ഗ്രനേഡ്. ആ ഗ്രനേഡ് ഉപയോഗിച്ച് കൊലപ്പെടുത്തിയാൽ എന്തായിരിക്കും കേരളത്തിലെ സ്ഥിതി. ഇന്ന് മെഡിക്കൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ കൗൺസിലിംഗ് നടക്കുന്ന ദിവസമാണ്. വിദ്യാർത്ഥികൾ എതിർക്കില്ലേ. ഞങ്ങളുടെ മുഴുവൻ വിദ്യാർത്ഥി നേതാക്കന്മാരും ഇന്ന് പൂജപ്പുര സെൻട്രൽ ജയിലിൽ കിടക്കുകയാണ്. അങ്ങനെ ജയിലിൽ കിടക്കുമ്പോൾ വിദ്യാർത്ഥികൾ നിങ്ങൾ പറയുന്നതും കേട്ട് കൈയുംകെട്ടി ഇരിക്കുമെന്ന് ധരിച്ചോ. അതുകൊണ്ട് കെ.പി.സി.സി പ്രസിഡന്റ് മുരളീധരന്റെ നേരെ നടന്നതുൾപ്പെടെ ഇതുപോലെ പോലീസിനെ കയറൂരി വിട്ട് വിദ്യാർത്ഥികളെ തല്ലിച്ചതച്ചാൽ ആ നടപടി അംഗീകരിക്കാൻ കഴിയുകയില്ല. ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. കെ.പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നടത്തിയ പ്രസ്താവനയിൽ കേരളത്തിൽ വളരെ വ്യാപകമായ രീതിയിൽ സ്വാശ്രയ പ്രൊഫഷണൽകോളേജ് തുടങ്ങിയത് അയൽ സംസ്ഥാനങ്ങളിലെ ക്യാപ്പിറ്റേഷൻ ഫീസ് ഇല്ലാതാക്കുന്നതിനു സാധിച്ചുവെന്നു പറഞ്ഞു. പക്ഷെ, അവിടെ ക്യാപ്പിറ്റേഷൻ ഫീസ് ഇല്ലാതാവുകയും ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ് ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാർത്ഥി നേതാവായിരുന്ന കാലത്ത് ക്യാപ്പിറ്റേഷൻ ഫീസ് പാടില്ല എന്നു പറഞ്ഞ് സമരം നടത്തി. അതു കഴിഞ്ഞ് ശ്രീ. ഉമ്മൻചാണ്ടി നേതാവായിരുന്ന കാലത്ത്.....

മി. സ്പീക്കർ : ഇപ്പോൾ ഇതെല്ലാം പറയാൻ കൊള്ളാവുന്ന സമയമാണോ ശ്രീ. നീലൻ ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇവിടെ ഇല്ലാതാക്കിയ ക്യാപ്പിറ്റേഷൻ ഫീസ് തിരിച്ചുകൊണ്ടു വരുന്നതിനുവേണ്ടി മാത്രമേ അങ്ങ് മുഖ്യമന്ത്രി എന്നുള്ള നിലയിൽ സ്വീകരിച്ച നടപടികളിലൂടെ സാധിച്ചുള്ളുവെന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നിലവിലുള്ള ഫീസ് നിരക്കിൽ ഗവൺമെന്റിന് തൃപ്തിയില്ല എന്നു പറഞ്ഞു. ഗവൺമെന്റിന് തൃപ്തിയില്ല എന്നു പറഞ്ഞ അതേ കാര്യത്തിൽ അതൃപ്തരായ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തെ നേരിടാൻ മുഖ്യമന്ത്രി എന്നുള്ള നിലയിൽ അങ്ങയുടെ ഗവൺമെന്റിന് ധാർമ്മികമായി എന്ത് അവകാശമാണുള്ളത് എന്ന് ഞാൻ ചോദിക്കുന്നു. മാറാട് 400 കുടുംബങ്ങൾ വഴിയാധാരമാവുകയാണ്. അവരെ പുനരധിവസിപ്പിക്കുവാൻ ബലപ്രയോഗം നടത്തിയില്ല എന്നു പറയുന്ന അങ്ങ് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിന്റെ വീട് രണ്ടു തവണ ആക്രമിച്ചിട്ടും ഒരു ബലപ്രയോഗവും നടത്താത്ത അങ്ങയുടെ പോലീസ്, അങ്ങുതന്നെ അന്യായമെന്ന് പ്രഖ്യാപിച്ച, അങ്ങുതന്നെ തൃപ്തിയില്ലെന്ന് പറഞ്ഞ കാര്യങ്ങളിൽ അതൃപ്തരായ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തെ ബലപ്രയോഗത്തിലൂടെ ചോരയിൽ മുക്കിക്കൊല്ലാമെന്ന് വിചാരിക്കുകയാണെങ്കിൽ അതിവിടെ നടക്കുകയില്ല. അതിന്റെ എല്ലാ വശങ്ങളും ഈ സഭ ചർച്ച ചെയ്യണം. ചർച്ചയ്ക്കു തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, വിദ്യാർത്ഥികളുടെ മേൽ കഴിഞ്ഞ ദിവസം സംസ്ഥാനത്താകെ പോലീസ് നടത്തിയ കടന്നാക്രമണം അതീവക്രൂരമായിരുന്നു. വിദ്യാർത്ഥികളുടെ ന്യായമായ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ പരിശ്രമിക്കുന്നതിനു പകരം ഇത്തരത്തിൽ ക്രൂരമായി മർദ്ദനം അഴിച്ചുവിടുന്നത് ഒരു ജനാധിപത്യമുന്നണിക്ക് യോജിച്ചതല്ല. അതുകൊണ്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകാത്ത ഗവൺമെന്റ് നയത്തിൽ ഞാനും പ്രതിഷേധിക്കുന്നു, വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസീസ് സഭവിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി)

LIBRARY ARCHIVES Kerala Legislative Assembly